**കുടുംബശ്രീ – സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ**
**എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം**

*(ഹാജർ: ശ്രീ. എസ്. ഹരികിഷോർ, ഐഎഎസ്)*

വിഷയം:- കുടുംബശ്രീ - കൊല്ലം ജില്ല - ഇന്നോവേഷൻ ഫണ്ട് അനുവദിച്ചു നൽകി ഉത്തരവാകുന്നത് - സംബന്ധിച്ച്.

പരാമർശം:-
1. 20/03/2018-ൽ കൊല്ലം ജില്ലാമിഷൻ കോ-ഓർഡിനേറ്ററുടെ 4418/കെ3/2017/കെഎസ്കെഎൽഎം നമ്പർ കത്ത്
2. 24/03/2018-ൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ പിഎസി യോഗ തീരുമാനം

**ഉത്തരവ് നമ്പർ 878/D/2018/KSHO തീയതി 31/03/2018**

കൊല്ലം ജില്ലയിലെ കേരള ചിക്കൻ പദ്ധതിയുമായി ബന്ധപ്പെട്ട് പെരിനാട് ഗ്രാമ പഞ്ചായത്ത് സിഡിഎസ്സിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗംഗാ ഹാച്ചറി യൂണിറ്റിന് ഇന്നോവേഷൻ ഫണ്ട് അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി രൂപീകരിക്കുന്നതിനായി ആകെ അടങ്കൽ തുക 11,00,000/- രൂപയാണെന്നും ആയതിന് 4,00,000/- രൂപ ഇന്നോവേഷൻ ഫണ്ട് ഇനത്തിൽ അനുവദിക്കണമെന്നും കൊല്ലം ജില്ലാ മിഷൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇന്നവേഷൻ മാർഗ്ഗ നിർദ്ദേശ പ്രകാരം അപേക്ഷിച്ചിട്ടുള്ള രേഖകൾ പരിശോധിച്ചതിൻ പ്രകാരം ടി യൂണിറ്റിന് പരാമർശം (2) പ്രകാരം 3,50,000/- രൂപ ഇന്നവേഷൻ ഫണ്ടിനത്തിൽ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ കൊല്ലം ജില്ലയിലെ ഗംഗാ ഹാച്ചറി യൂണിറ്റിന് 3,50,000/- രൂപ (മൂന്ന് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) ഇന്നോവേഷൻ ഫണ്ടായി അനുവദിച്ചുനൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. പ്രസ്തുത തുക ജില്ലാ മിഷനിൽ ലഭ്യമായ സ്റ്റേറ്റ് പ്ലാൻ ഫണ്ടിലെ പ്രാദേശിക സാമ്പത്തിക വികസന ശീർഷകത്തിൽ വകയിരുത്തി അനുവദിക്കാവുന്നതാണ്. ടി യൂണിറ്റിന് തുക ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം സംസ്ഥാന മിഷനിൽ ലഭ്യമാക്കേണ്ടതിന്റെ ചുമതല ജില്ലാ മിഷനാണ്.

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

1. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ, കൊല്ലം - തുക അനുവദിക്കുന്നതിന്.
2. അക്കൗണ്ട്സ് സെക്ഷൻ - അറിവിലേയ്ക്കായി.

പകർപ്പ്
2. കരുതൽ / അധികം

**ഉത്തരവിൻപ്രകാരം,**

**അക്കൗണ്ട്സ് ഓഫീസർ**